**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **05-10-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ കോവിഡ് പശ്ചാത്തലത്തിൽ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കോവിഡ് മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രഖ്യാപിച്ച പ്രകാരം 01.03.2020 മുതൽ 31.08.2020 വരെയുള്ള കാലാവധിയിൽ കെ.എസ്.എഫ്.ഇ ടേം വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിനു പുറമേ 20.01.2021 വരെ ഒന്നാം കോവിഡ് തരംഗകാലത്ത് വായ്പകൾക്ക് പിഴപ്പലിശ ഒഴിവാക്കി കൊടുത്തിരുന്നു. അതുപോലെത്തന്നെ 20.01.2021 വരെ വിളിച്ചെടുത്തതും വിളിച്ചെടുക്കാത്തതുമായ ചിട്ടികൾക്ക് പിഴപ്പലിശ ഒഴിവാക്കുകയും വിളിച്ചെടുത്ത ചിട്ടികൾക്ക് ഡിവിഡന്റ് അനുവദിച്ച് നൽകുകയും ചെയ്തു. കൂടാതെ 21.01.2021 മുതൽ കുടിശ്ശികയായിട്ടുള്ള വായ്പാ അക്കൗണ്ടുകൾക്ക് 30.09.2021 വരെ പിഴപ്പലിശ ഒഴിവാക്കിയിട്ടുണ്ട്. അതുപോലെത്തന്നെ 21.01.2021 മുതൽ കുടിശ്ശികയായ വിളിച്ചെടുത്തതും അല്ലാത്തതുമായ ചിട്ടികൾക്ക് 30.09.2021 വരെ പിഴപ്പലിശ ഒഴിവാക്കുകയും വിളിച്ചെടുത്ത ചിട്ടികൾക്ക് 30.09.2021 വരെ തവണത്തുക മുടക്കിയാലും ഡിവിഡന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ 31.03.2020 നു മുൻപ് കുടിശ്ശിക വരുത്തിയ ചിട്ടി കുടിശ്ശികക്കാർക്ക് (റവന്യൂ റിക്കവറി ആയ) കുടിശ്ശികയുടെ പഴക്കമനുസരിച്ച് 50% മുതൽ 90% വരെ പലിശ ഇളവ് അനുവദിക്കുന്ന ആശ്വാസ് പദ്ധതിയും 30.09.2021 വരെ നിലവിലുണ്ടായിരുന്നു. ഇതിനു പുറമെ 30/09/2021 തിയതിയിൽ കൂടിയ കെ.എസ്.എഫ്.ഇ ബോർഡ് യോഗം നിലവിലെ ആശ്വാസ് പദ്ധതിയുടെ ആനുകൂല്യം ഒക്ടോബർ 23 ാം തിയതി വരെ നീട്ടി നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തന്നെ 15.03.2020 ന് മുൻപ് കുടിശ്ശിക വരുത്തിയ ചിട്ടി കുടിശ്ശികക്കാർക്ക് (നോൺ ആർ ആർ) |

| | | | |
|---|---|---|---|
| | | | കുടിശ്ശികയുടെ പഴക്കം അനുസരിച്ച് 50% മുതൽ 90% വരെ പലിശ ഇളവും സമാനമായ കുടിശ്ശിക വരുത്തിയ വായ്പാ കുടിശ്ശികക്കാർക്ക് (നോൺ ആർ ആർ) പിഴ പലിശയിൽ 100% ഇളവും ലഭിക്കുന്നതാണ്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷത്തെ മോറട്ടോറിയം അനുവദിച്ചിട്ടുണ്ട്. മുതൽ തുകയ്ക്ക് 01.07.2021-ൽ തുടങ്ങി ഒരു വർഷത്തേക്കാണ് അവധി. |
| (ബി) | കോവിഡ് മഹാമാരിയിൽ ദുരിതം അനുഭവിക്കുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുമോ; | (ബി) | കോവിഡ് ബാധിതർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ വെറും 5% പലിശനിരക്കിൽ 1 ലക്ഷം രൂപ വരെ അനുവദിക്കുന്ന സൗഖ്യ സ്വർണ്ണപ്പണയ വായ്പ കെ.എസ്.എഫ്.ഇ യിൽ നടപ്പാക്കി. 30.09.2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ലളിതമായ നടപടിക്രമങ്ങൾ ആണ് ഉള്ളത്. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20 ശതമാനം അധിക വായ്പ കെ.എഫ്.സി അനുവദിച്ചു. 9.5 ശതമാനമാണ് പലിശ. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള വായ്പ കെ.എസ്.എഫ്.ഇ യിൽ നടപ്പാക്കി. 30.09.2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ലളിതമായ നടപടിക്രമങ്ങൾ ആണ് ഉള്ളത്. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20 ശതമാനം അധിക വായ്പ കെ.എഫ്.സി അനുവദിച്ചു. 9.5 ശതമാനമാണ് പലിശ. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ളവായ്പ കെ.എസ്.എഫ്.ഇ യിൽ നടപ്പാക്കി. 30.09.2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ലളിതമായ നടപടിക്രമങ്ങൾ ആണ് ഉള്ളത്. !!br0ken!! പലിശയിൽ കെ.എഫ്.സി ഇളവ് നൽകിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറച്ചു. ഇപ്രകാരം അനുവദിക്കുന്ന വായ്പകൾ മറ്റ് നടപടി ക്രമങ്ങളില്ലാതെ മുൻകൂർ അനുമതി (pre-approved) വായ്പകളായിട്ടാണ് അനുവദിച്ചത്. അർഹരായ സംരംഭകർക്ക് വായ്പ മുൻകൂറായി അനുവദിച്ച്, അവരെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം അനുവദിക്കുന്ന വായ്പകളുടെ നടപടിക്രമം ലളിതമാക്കുമോ? | (സി) | കോവിഡ് ബാധിതർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ വെറും 5% പലിശനിരക്കിൽ 1 ലക്ഷം രൂപ വരെ അനുവദിക്കുന്ന സൗഖ്യ സ്വർണ്ണപ്പണയ വായ്പ കെ.എസ്.എഫ്.ഇ യിൽ നടപ്പാക്കി. 30.09.2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ലളിതമായ നടപടിക്രമങ്ങൾ ആണ് ഉള്ളത്. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20 ശതമാനം അധിക വായ്പ കെ.എഫ്.സി അനുവദിച്ചു. 9.5 ശതമാനമാണ് പലിശ. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള വായ്പ കെ.എസ്.എഫ്.ഇ യിൽ നടപ്പാക്കി. 30.09.2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ലളിതമായ നടപടിക്രമങ്ങൾ ആണ് ഉള്ളത്. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20 ശതമാനം അധിക വായ്പ കെ.എഫ്.സി അനുവദിച്ചു. 9.5 ശതമാനമാണ് പലിശ. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ളവായ്പ കെ.എസ്.എഫ്.ഇ യിൽ നടപ്പാക്കി. 30.09.2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ലളിതമായ നടപടിക്രമങ്ങൾ ആണ് ഉള്ളത്. !!br0ken!! പലിശയിൽ കെ.എഫ്.സി ഇളവ് നൽകിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറച്ചു. ഇപ്രകാരം അനുവദിക്കുന്ന വായ്പകൾ മറ്റു നടപടി ക്രമങ്ങളില്ലാതെ മുൻകൂർ അനുമതി (pre-approved) വായ്പകളായിട്ടാണ് അനുവദിച്ചത്. അർഹരായ സംരംഭകർക്ക് വായ്പ മുൻകൂറായി അനുവദിച്ച്, അവരെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ